കഥ/ ഷോളോം അലൈഹം



# എതിരാളികൾ

വിവർത്തനം: സി.എം.സി

എപ്പോഴും ഒരു ഭീകരാന്തരീക്ഷത്തിന്റെ നടുവിലാണ് അവർ എത്തുന്നത്. തിക്കിത്തിരക്കി ഒരു കൂട്ടർ കമ്പാർട്ട്മെന്റിനുള്ളിലേക്കും മറ്റൊരു കൂട്ടർ പുറത്തേക്കും കടക്കുന്ന സമയം. അകത്തുകടന്നവർ ഇരിപ്പിടത്തിനുവേണ്ടി വഴക്കടിക്കുകയാകും. പള്ളിയിൽ അധികാരത്തിനുള്ള വടംവലി പോലെ. അതിനിടയിൽ രണ്ടുപേരെയും കാണാം: അവൻ, അവൾ.

അവൻ: കറുത്ത് തടിച്ച് രോമാവൃതമായ ശരീരം. ഒരു കണ്ണിൽമാത്രം കറുത്ത കണ്ണടയുമുണ്ട്. തിമിര ശസ്ത്രക്രിയ ചെയ്തതാകാം.

അവൾ: ചുവന്ന മുഖത്ത് ധാരാളം മറുകുകളുള്ള ഒരസ്ഥിപഞ്ജരം. കീറിപ്പറിഞ്ഞ വസ്ത്രം. തുന്നിച്ചേർത്ത ഷൂസ്.

രണ്ടുപേരുടെ കൈകളിലും ഒരേപോലത്തെ കുട്ടകൾ. അവന്റെ കുട്ടയിൽ പിരിയൻ റൊട്ടി, പുഴുങ്ങിയ മുട്ട, ഓറഞ്ച്, കുപ്പിവെള്ളം. അവളുടേതിലും ഇതേ വസ്തുക്കൾതന്നെ. ചിലപ്പോൾ അവന്റെ കുട്ടയിൽ കറുത്ത മുന്തിരിയും ചെറിപ്പഴവും പല്ലുപുളിപ്പൻ പച്ചമുന്തിരിയും കാണും. അപ്പോഴെല്ലാം അവളുടെ കുട്ടയിലും അതെല്ലാം കാണും.

എന്നും അവർ ഒരേ സമയത്താണ് വരുക. ഒരേ വാതിലിലൂടെ ഒരേ കമ്പാർട്ട്മെന്റിലേക്ക് തള്ളിക്കയറും.

ഒരേ ശ്വാസത്തിൽ, ഒരേ ഈണത്തിൽ, ഒരേ വാക്കുകളിൽ വിളിച്ചുകൂവാൻ തുടങ്ങും. ശബ്ദത്തിൽ മാത്രം ചില വ്യത്യാസമുണ്ട്. വായിൽ നാവില്ലാത്തവനെപ്പോലെ ഒരു വലിവുരോഗിയുടെ ശബ്ദമാണയാൾക്ക്. അവൾ വളരെ വ്യക്തമായി വലിയ വായിൽ നാവിട്ടലക്കലാണ്.

മത്സരത്തിൽ അവർ വില കുറച്ച് വിൽക്കുമെന്ന് കുരതുന്നുണ്ടോ? ഒരിക്കലുമില്ല. രണ്ടുപേരുടേയും സാധനങ്ങൾക്ക് ഒരേ വില. മത്സരം ഒരു കാര്യത്തിൽ മാത്രമാണ്. ആർക്കാണ് കൂടുതൽ സഹതാപം ഉണർത്താൻ കഴിയുന്നതെന്ന്. രണ്ടുപേരും അവരുടെ അഞ്ച് കുഞ്ഞുങ്ങൾക്കുവേണ്ടിയാണ് നിങ്ങളുടെ ദയ യാചിക്കുന്നത്. അവനും അഞ്ച് അനാഥക്കുഞ്ഞുങ്ങൾ. അവൾക്കും അഞ്ച് അനാഥക്കുഞ്ഞുങ്ങൾ.

രണ്ടാളും നിങ്ങളുടെ കണ്ണിലേക്ക് തുറിച്ചുനോക്കും. വിൽപ്പനച്ചരക്കുകൾ നിങ്ങളുടെ മൂക്കിന് താഴേക്ക് തള്ളിപ്പിടിച്ച് നിർബന്ധമായി യാചിക്കും. ആവശ്യമില്ലെങ്കിലും നിങ്ങളെക്കൊണ്ട് എന്തെങ്കിലുമൊന്ന് വാങ്ങിപ്പിക്കും. കരച്ചിലും യാചനയും പതംപറച്ചിലും കേട്ട് ആരോടാണ് വാങ്ങേണ്ടതെന്നറിയാതെ നിങ്ങൾ കുഴങ്ങും. ആരോടാണ് വാങ്ങേണ്ടതെന്ന് തീരുമാനിക്കാനാകാതെ രണ്ടുപേരിൽനിന്നും അൽപാൽപ്പം വാങ്ങാമെന്നു തീരുമാനിച്ചാൽ അവർ സമ്മതിക്കില്ല. "അതു പറ്റില്ല ചങ്ങാതീ. വാങ്ങുന്നെങ്കിൽ എല്ലാം ഒരാളിൽനിന്നു വാങ്ങണം. ഒരു ജോടി ഷൂസു



കൊണ്ട് ഒരേ സമയത്ത് രണ്ടു കല്യാണത്തിനു നൃത്തം ചെയ്യാൻ കഴിയില്ലല്ലോ?"

നീതിപൂർവ്വം ആകാമെന്നു കരുതി ഒരു തവണ ഒരാളോടും അടുത്ത തവണ മറ്റേ ആളോടും വാങ്ങാമെന്ന് കരുതിയാൽ രണ്ടുപേരിൽനിന്നും ചീത്ത കേൾക്കേണ്ടിവരും. "എന്താ സാറേ...സാറിന്റെ നോട്ടത്തിൽ ഇന്ന് എനിക്കെന്തെങ്കിലും കുറവുള്ളതായി തോന്നിയോ? അല്ലെങ്കിൽ, കഴിഞ്ഞ തവണ എന്റെ കൈയിൽനിന്ന് വാങ്ങിയ ഭക്ഷണത്തിൽ വല്ല വിഷാംശവും ഉണ്ടായിരുന്നോ? അത് തൊണ്ടയിൽ കുടുങ്ങിപ്പോവുകയൊന്നും ചെയ്തില്ലല്ലോ!"

മര്യാദകൊണ്ടാണ് അങ്ങനെ ചെയ്തതെന്നും മറ്റേ ആളുടെ ശരീരത്തിലും ആത്മാവ് കുടികൊള്ളുന്നിടത്തോളം അയാൾക്കും ജീവിച്ചല്ലേ മതിയാകൂ എന്ന ഒരു വാദം വിളമ്പിനോക്കും. ജർമൻ ഭാഷയിലെ ഒരു ചൊല്ലും നിങ്ങൾ എടുത്തു വിളമ്പും.

'ലാബേൻ ആൻഡ് ലാബെൻ ലാസ്സെൻ....'

ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക.

മറുപടി തനി യിദ്ദിഷ് ഭാഷയിൽ. എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും....പുളിച്ച പുലഭ്യം....

"എന്റമ്മാവാ ഒരാസനംകൊണ്ട് ഒരേസമയത്ത് രണ്ടു കുതിരപ്പുറത്ത് കേറാമ്മേല...."

അതെ സുഹൃത്തേ, കാര്യങ്ങളുടെ കിടപ്പ് അങ്ങനെയൊക്കെയാണ്. ലോകം മുഴുവനെയും പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ പരാജയപ്പെടുകയേയുള്ളൂ. അതുകൊണ്ട് മധ്യസ്ഥനാകാൻ തുനിയുന്നതിനുമുമ്പ് രണ്ടുവട്ടം ചിന്തിക്കണം. ദമ്പതികളെ സമാധാനിപ്പിക്കാൻ മധ്യസ്ഥനാകാൻ ശ്രമിച്ച് സ്വയം വിഡ്ഢിയാകേണ്ടിവന്ന ദുരനുഭവം എന്റെ ജീവിതത്തിൽതന്നെയുണ്ട്. ഒടുവിലെന്തായി? സ്വന്തം ഭാര്യയുടെ വായിലിരുന്നത് മുഴുവൻ എനിക്ക് കേൾക്കേണ്ടിവന്നു. രണ്ടു കഥകളും കൂട്ടിക്കുഴയ്ക്കുന്നില്ല. കച്ചവടത്തിൽ ഇതൊക്കെ പതിവാണ്. ഒന്നിനെപ്പറ്റി സംസാരിച്ചിരിക്കുമ്പോഴാകും ഉദാഹരണത്തിന് തുകലിനെപ്പറ്റി പറയുന്നതിനിടയിൽ ചൈനീസ് സിൽക്ക് കടന്നുവന്നെന്നിരിക്കും. അതൊക്കെ പോട്ടെ. നമുക്ക് നമ്മുടെ കഥയിലേക്ക് കടക്കാം. മഴ പെയ്തുകൊണ്ടിരുന്ന ഒരു മഞ്ഞുകാലത്താണ് അതു സംഭവിച്ചത്. ആകാശം കറുത്തിരുണ്ടും ഭൂമി നനഞ്ഞു കുതിർന്നും കിടന്നു. സ്റ്റേഷനിൽ യാത്രക്കാർ നിറഞ്ഞൊഴുകി. വലിയ തിരക്കിലാണ് എല്ലാവരും. ഉന്തിയും തള്ളിയും ഓടിച്ചാടി പെട്ടിയും കിടക്കയുമായി അന്യോന്യം ചവിട്ടിമെതിച്ച് ചീത്തവിളികളും ശബ്ദകോലാഹലങ്ങളും ഒന്നും കേൾക്കേണ്ടത് തന്നെയായിരുന്നു.

അതിന്റെയെല്ലാം ഒത്തനടുവിൽ ആരെയാണ് കാണുന്നത്? അവനും അവളും. പതിവുപോലെ കുട്ട നിറയെ ഭക്ഷണസാധനങ്ങൾ. രണ്ടുപേരും ഒരേ വാതിലിലൂടെ ഉന്തിത്തള്ളി കയറുന്നു. എന്തു സംഭവിച്ചു? ദാ കിടക്കുന്നു! കുട്ട രണ്ടും താഴെ! റൊട്ടിയും മുട്ടയും ഓറഞ്ചും കുടിവെള്ളവുമെല്ലാം ചെളിയിൽ ചിതറിക്കിടക്കുന്നു....ചീത്തവിളികളും കരച്ചിലും കാതടപ്പിക്കുന്നതിനിടയിൽ റെയിൽവേ ഉദ്യോഗസ്ഥരുടെ പൊട്ടിച്ചിരികളും കേൾക്കാമായിരുന്നു. ആരോ വിസിലടിച്ചു. മറ്റാരോ മണിയടിച്ചു. ഞങ്ങൾ യാത്രയായി.

യാത്രക്കാരിൽ സംഭവം കണ്ടവരും കേട്ടവരുമെല്ലാം തങ്ങളുടെ അഭിപ്രായങ്ങൾ തുറന്നടിച്ചു. പള്ളിക്കുള്ളിൽ സ്ത്രീകളുടെ അടക്കംപറച്ചിൽപോലെയും ചന്തയിലെ താറാക്കൂട്ടങ്ങളെപ്പോലെയും ആർക്കും ഒന്നും തിരിയാത്തവണ്ണം അവർ ചിലച്ചുകൊണ്ടിരുന്നു. അവിടെ കേട്ട ചില വാക്കുകളും വരികളും:

"റൊട്ടിയുടെ ഒരൊന്നാന്തരം വിളവെടുപ്പ്."

"മുട്ടയുടെ കൂട്ടക്കൊല."

"ഓറഞ്ചിനോട് ആളുകൾക്കെന്താ ഇത്ര ദേഷ്യം?"

ഏകദേശം എന്തു നഷ്ടം സംഭവിച്ചിരിക്കാം?"

അവർക്കത് വരണം. ആവശ്യമില്ലാത്തിടത്ത് വലിഞ്ഞുകേറേണ്ട വല്ല കാര്യവുമുണ്ടോ?"

"പക്ഷേ, മറ്റെന്തുചെയ്യാൻ കഴിയും, അവർക്കും ജീവിക്കേണ്ടേ?"

"ഹാ...ഹാ...ഹാ" അടഞ്ഞ ശബ്ദത്തിൽ ആരോ പറഞ്ഞു.

"ഒന്നാന്തരമൊരു ജീവിതമാർഗം ഒരു ജൂത ജീവിതമാർഗം...ഒരു ജൂത ജീവിതമാർഗം....!"

"ഒന്നാന്തരമൊരു ജീവിതമാർഗമെന്ന് നീ പരിഹസിച്ചല്ലോ? ഒരു പാവപ്പെട്ട യഹൂദനു ചെയ്യാൻ കഴിയുന്ന മറ്റെന്തെങ്കിലും മാന്യമായ പണി നിനക്കറിയാമെങ്കിൽ പറയൂ. കേൾക്കട്ടെ."

"ഞാൻ നിങ്ങളോടല്ല പറഞ്ഞത്." അടഞ്ഞ ശബ്ദക്കാരൻ ഉച്ചത്തിലായി.

"എന്നോടല്ലേ സംസാരിച്ചത്? എങ്കിലും ഞാൻ നിങ്ങളോട് ചോദിക്കുന്നു. നിനക്കറിയാമോ ഉപജീവനത്തിലുള്ള മറ്റൊരു എളുപ്പവഴി? എന്താ ഒന്നും മിണ്ടാതിരിക്കുന്നത്? അപ്പോൾ ഒന്നും പറയാനില്ല?"

"ആ അട്ടയെങ്ങനെയുണ്ട്? കടി



#The common man's challenges



***ശാക്കിർ എറവക്കാട്***

*പാലക്കാട് ജില്ലയിലെ എറവക്കാട് സ്വദേശി. ദുബായിൽ ആർട്ട് ഡയറക്ടർ ആയി ജോലി ചെയ്യുന്നു. കേരള ലളിതകലാ അക്കാഡമി സ്റ്റേറ്റ് എക്സിബിഷനുൾപ്പെടെ ഒട്ടേറെ ചിത്ര പ്രദർശങ്ങളിൽ പെയിന്റിംഗ് , കാർട്ടൂൺ , ഫോട്ടോഗ്രാഫ്സ് പ്രദർശിപ്പിച്ചിട്ടുണ്ട്.*

വിടാൻ ഭാവമില്ല.”

“മിണ്ടാതിരിക്കൂ. ദാ, അവൾ വരുന്നുണ്ട്.”

“ആര്?”

“അവളുതന്നെ. ആ കുട്ടക്കാരി.”

“എവിടെ അവൾ? ആ സുന്ദരി എവിടെ?”

വികൃതമായ മറുകുള്ള ചുവന്ന മുഖത്തെ കണ്ണുകൾ കരഞ്ഞുകലങ്ങി നീരുവച്ചതുപോലെ തോന്നി. ആൾക്കൂട്ടത്തിനിടയിലൂടെ കാലിക്കുട്ടയുമായി അവൾ ഇരിപ്പിടം തേടി നടന്നു.

ഒടുവിൽ തറയിൽ കുട്ട കമഴ്ത്തിയിട്ട് അതിന്റെ പുറത്തിരുന്നു തേങ്ങി. ഷാളിന്റെ അറ്റംകൊണ്ട് മുഖം മറച്ചുപിടിച്ച് അവൾ നിശ്ശബ്ദമായി കരഞ്ഞു. അസാധാരണമായ നിശ്ശബ്ദത കമ്പാർട്ട്മെന്റിലേക്ക് ഊർന്നിറങ്ങി. ആരും സംസാരിക്കുന്നില്ല. മൗനം ഏവരേയും വിഴുങ്ങിയതുപോലെ. കെട്ടിയിട്ട നാവുകളുടെ ഇടയിൽ നിന്ന് പെട്ടെന്ന് ഒരു പരുക്കൻ ശബ്ദം ഉയർന്നുകേട്ടു.

“ആരുമൊന്നും മിണ്ടാത്തതെന്താ?”

“എന്താ ഒച്ചവെച്ച് ബഹളംകൂട്ടണോ?”

“വരൂ, നമുക്കൊരു പിരിവെടുക്കാം.”

ആരാണിത് പറഞ്ഞതെന്ന് കേൾക്കേണ്ടേ....? അൽപം മുമ്പ് ജൂതന്മാരുടെ ജീവിതമാർഗത്തെ പരിഹസിച്ച് സംസാരിച്ചയാൾ. തികച്ചും അസാധാരണനായി തോന്നിക്കുന്ന അയാളുടെ തലയിൽ തിളങ്ങുന്ന ഒരു തൊപ്പി ഉണ്ടായിരുന്നു. കറുത്ത കണ്ണട കൊണ്ട് കണ്ണ് മറച്ചിരുന്നു. വലിയ ബൾബുപോലെ മാംസളമായ മൂക്കുള്ള ഒരാൾ.

മറ്റൊന്നും ചെയ്യാനില്ലാതെ തലയിൽനിന്ന് തൊപ്പിയെടുത്ത് അതിലേക്ക് രണ്ടു വെള്ളിനാണയങ്ങൾ ഇട്ടു. പിന്നീട് അതുമായി കമ്പാർട്ട്മെന്റിലുടനീളം നടന്നു.

“കഴിവുള്ളതെന്തും തരാം...... അൽപമോ ഏറയോ....താങ്ങാവുന്നത്രയും. വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലേ, ദാനം കിട്ടിയ കുതിരയുടെ വായിൽ നോക്കേണ്ടതില്ല.”

എല്ലാവരും പോക്കറ്റിൽ കൈയിട്ട് പേഴ്സെടുത്തു. ചെറുതും വലുതുമായ നാണയത്തുട്ടുകൾ, ചെമ്പും വെള്ളിയുമെല്ലാം, തൊപ്പിയിൽ നിക്ഷേപിച്ചു. ബൂട്സും കഴുത്തിൽ വെള്ളിമാലയും ഉണ്ടായിരുന്ന ഒരു റഷ്യക്കാരനും കോട്ടുവായിട്ട്, കുരിശുവരച്ച് രണ്ടു വെള്ളിനാണയങ്ങൾ അതിലിട്ടു.

ഒരാൾ മാത്രം ഒന്നും കൊടുത്തില്ല. അത് ആരെന്നറിയണോ? അൽപംമുമ്പ് യഹൂദരുടെ ഉപജീവനമാർഗത്തെ നീതികരിച്ചു സംസാരിച്ചവൻ. തുടുത്ത കവിളും കൂർത്ത താടിയും സ്വർണച്ചെയിൻകൊണ്ട് കാതിലേക്കു ഘടിപ്പിച്ചിരിക്കുന്ന കണ്ണടയുമുള്ള ഒരു ബുദ്ധിജീവി. ധനികരായ മാതാപിതാക്കളും ഭാര്യാവീട്ടുകാരും പോക്കറ്റ് നിറയെ പണവും ഉണ്ടായിട്ടും പണം ലാഭിക്കാൻവേണ്ടി മാത്രം മൂന്നാം ക്ലാസിൽ യാത്ര ചെയ്യുന്നവരിൽ ഒരാൾ.

“എന്തെങ്കിലും ഈ തൊപ്പിയിലേക്കിടൂ കുഞ്ഞേ.” ബൾബു മൂക്കൻ അഭ്യർത്ഥിച്ചു.

“ഞാൻ ഒന്നും തരില്ല.” തെല്ലും മയമില്ലാതെ ബുദ്ധിജീവി

“അതെന്താ?”

“എന്റെ വിശ്വാസപ്രമാണങ്ങൾ അതിനെതിരാണ്.”

“നിന്റെ അടുത്തു വരുന്നതിന് മുമ്പേ എനിക്കറിയാമായിരുന്നു നീ ഒന്നും തരില്ലെന്ന്.”

“അതെങ്ങനെ അറിഞ്ഞു?”

“കണ്ടാലറിയാം ആ രഹസ്യസ്വഭാവം.” താങ്കളുടെ തുടുത്ത കവിളുകൾ.... വേദപുസ്തകത്തിൽ പറയുമ്പോലെ മാന്യനെ അവന്റെ ബൂട്സിൽ നിന്ന് തിരിച്ചറിയാം.”

ബുദ്ധിജീവി കോപാകുലനായി കലിതുള്ളി. അയാളുടെ കാതിൽ തൂക്കിയിരുന്ന കണ്ണട വീണുപോകാൻ തുടങ്ങി. അയാൾ അലറി.

“നിങ്ങൾ അപരിഷ്കൃതനായ ഒരു വിവരദോഷിയാണ്. തരംതാണ പ്രാകൃതൻ. നാണംകെട്ട കഴുത.”

“ദൈവത്തിനു സ്തുതി. ഞാൻ ഒരു കള്ളനോ പിടിച്ചുപറിക്കാരനോ ആയില്ലല്ലോ.” ഇങ്ങനെ പറഞ്ഞുകൊണ്ട് അയാൾ കരഞ്ഞുകൊണ്ടിരുന്ന സ്ത്രീയുടെ അടുത്തേക്ക് നടന്നു.

“അമ്മായീ...ഒരു നേരത്തേക്കുള്ള കരച്ചിലിന് ഇത് പോരെ? ഭംഗിയുള്ള ആ കണ്ണുകൾ കേടാക്കും....കൈകൾ ചേർത്തു പിടിക്കൂ.....ഇതാ....ഈ പണം അതിലേക്കിടാം.....”

വല്ലാത്ത സ്ത്രീ തന്നെ. ഇത്രയും പണം കാണുമ്പോൾ അവൾ സന്തോഷപരവശയായി ഞങ്ങളെ നന്ദിവാക്കുകൾ

## പരിണാമം





*മഹേഷ് വെട്ടിയാർ*

*ആനുകാലികങ്ങളിൽ കഥയും കാർട്ടൂണുകളും പ്രസിദ്ധീകരിക്കുന്നു. മലയാളത്തിലെ ആദ്യ ആനിമേഷൻ സിനിമയായ സ്വാമി അയ്യപ്പന്റെ സംവിധായകനും രചയിതാവുമാണ്. പരസ്യ ആനിമേഷൻ സിനിമാമേഖലയിൽ പ്രവർത്തിക്കുന്നു. മാവേലിക്കര താലൂക്കിലെ വെട്ടിയാർ ആണ് സ്വദേശം. ആദ്യ കഥാ സമാഹാരം എന്റേതായ കഥകൾ.*

കൊണ്ട് മൂടുമെന്ന് ഞാൻ കരുതി. പകരം തെറിവാക്കുകളുടെ ഒരു പൂരമാണ് അവരുടെ നാവിൽ നിന്നൊഴികിയത്.

"ഇതെല്ലാം ആ ഒറ്റ ഒരുത്തൻ കാരണമാണ്. വഴിയരികിൽ വീണ് അവന്റെ നട്ടെല്ലും തലയോട്ടിയും പൊട്ടിച്ചിതറിയെങ്കിൽ എത്ര നന്നായേനെ? അവന്റെ മാത്രം കുറ്റമാണിതെല്ലാം. ഒരിക്കലും ഒരു നന്മയും അവനു ചെയ്യരുതേ. എന്റെ പൊന്നുതമ്പുരാനേ, ഭൂമി പിളർന്ന് അവന്റെ തല അതിലേക്കു താണുപോകണേ. ഒരിക്കലും വീട്ടിലേക്ക് മടങ്ങിപ്പോകാനാകാതെ കോളറയോ വസൂരിയോപോലുള്ള വല്ലരോഗവും വന്നു ചാകണേ. അവന്റെ മാംസം വെന്തുണങ്ങി അസ്ഥിയിൽനിന്നു വിട്ടുപോകണേ.....എന്റെ പിതാവേ."

ദൈവമേ ഇത്രയും ശാപവാക്കുകൾ ഒരാൾ കണ്ടെത്തിയതെങ്ങനെ? ഭാഗ്യവശാൽ നമ്മുടെ കണ്ണാടിക്കാരൻ ഇടപെട്ടു.

'മതി, മതിയെന്റെ പെണ്ണുമ്പിള്ളേ. നിങ്ങളുടെ അനുഗ്രഹങ്ങളും ആശീർവാദങ്ങളും. പറയൂ. കണ്ടക്ടറും ഗാർഡുമൊക്കെ നിങ്ങൾക്കെതിരെ തിരിഞ്ഞതെന്തുകൊണ്ടാണ്?"

വിങ്ങിവീർത്ത കണ്ണുകൾ അവൾ അയാൾക്കുനേരെ ഉയർത്തി.

"അവൻ ഒറ്റ ഒരുത്തൻ കാരണമാണിതെല്ലാം സംഭവിച്ചത്. ഞാൻ ആദ്യം അകത്തു കടന്നാൽ എല്ലാ കസ്റ്റമറെയും സ്വന്തമാക്കുമെന്ന ഭയമായിരുന്നു അവന്. അതാണ് എന്നെക്കാൾ മുന്നെ തള്ളിക്കയറാൻ അവൻ ശ്രമിച്ചത്. ഞാൻ ഞെങ്ങിനീങ്ങി അവന്റെ മുന്നിലെത്തി. അപ്പോഴാണ് അവൻ എന്റെ കുട്ടയിൽ പിടിച്ചുവലിച്ചത്. അപ്പോൾ ഞാൻ അവന്റെ നേർക്കലറി. അലർച്ചകേട്ട കണ്ടക്ടർ ഗാർഡിനെ കണ്ണുകാണിച്ചു. അങ്ങനെയാണ് അവർ കുട്ട പിടിച്ചുപറിച്ച് പുറത്തെ ചെളിയിലേക്ക് വലിച്ചെറിഞ്ഞത്. അവൻമാരുടെ അസ്ഥികൾ അതുപോലെ പൊട്ടിച്ചിതറട്ടെ. വിശ്വസിക്കൂ. സത്യമാണ് ഞാൻ പറയുന്നത്. കാലമെത്രയായി ഈ റൂട്ടിൽ ഞാൻ കച്ചവടം നടത്തുന്നു. ഇന്നോളം എന്റെ തലനാരിഴയിൽപോലും ആരും തൊട്ടിട്ടില്ല. റെയിൽവേ ഉദ്യോഗസ്ഥരുടെ കരുണ കൊണ്ടൊന്നുമല്ല. നേരം വെളുക്കുമ്പോൾ മുതൽ എല്ലാവന്റെയും അണ്ണാക്കിലേക്ക് റൊട്ടിയും മുട്ടയുമെല്ലാം തള്ളിക്കൊടുക്കണം. എന്റെ കയ്യിൽ നിന്ന് വാങ്ങിത്തിന്ന റൊട്ടിക്കും മുട്ടക്കും തുല്യമായി അവന്റെയൊക്കെ ശരീരത്തിൽ കുരു പൊട്ടിമുള






**നിപുകുമാർ പി എൻ**

*കേരളഭൂഷണം പത്രത്തിൽ കാർട്ടൂണിസ്റ്റ് ആയിരുന്നു വിദ്യാർത്ഥികൾക്കായി സൗജന്യമായി യി കാർട്ടൂൺ ക്ലാസുകൾ എടുക്കുന്നു*






**കൃഷ്ണകുമാർ വട്ടപ്പറമ്പിൽ**

*പത്രപ്രവർത്തകനും കാർട്ടൂണിസ്റ്റും. തിരുവനന്തപുരം, പോത്തൻകോട് സ്വദേശി. മാതൃഭൂമി, കേരളകൗമുദി എന്നിവിടങ്ങളിൽ പത്രപ്രവർത്തകനായിരുന്നു. ഇപ്പോൾ ജന്മഭൂമി പത്രത്തിലും ഓൺലൈൻ പോർട്ടലുകളിലും കാർട്ടൂണുകൾ വരയ്ക്കുന്നു.*

ക്കട്ടെ. തൂപ്പുകാരൻ മുതല് ഓഫീസർ വരെ കൊടുക്കണം. പ്രധാന കണ്ടക്ടർക്ക് ആദ്യം കിട്ടണം. പിന്നെ അവന്റെ അനുയായികൾക്ക്. എനിജിനിൽ തീകൂട്ടുന്നവനുവരെ കൊടുക്കണം. അവന് കൊടുത്തില്ലെങ്കിൽ അവൻ ഗാർഡിനോട് പറഞ്ഞുകൊടുക്കുമെന്ന് ഒരിക്കൽ ഭീഷണിപ്പെടുത്തി. അവനിറിയുന്നോ, ഗാർഡിന്റെ വീതം പണ്ടേ കൈപ്പറ്റിക്കഴിഞ്ഞെന്ന്. എല്ലാ ഞായറാഴ്ചയും രാവിലെ ഒരു കുട്ട ഓറഞ്ചുമായി അവന്റെ അടുത്തു പോയാൽ മുഴുത്തതു മുഴുവൻ പെറുക്കിയെടുക്കും."

"പറയുന്നത് കേട്ടിട്ട്...അമ്മായീ നിങ്ങൾ പണത്തിനുമീതെ കിടന്നുരുളുന്ന മട്ടുണ്ടല്ലോ?"

"നിങ്ങളെന്താണീപ്പറയുന്നത്? കച്ചവടം പലപ്പോഴും നഷ്ടത്തിലാണ്. ദിനംപ്രതി പട്ടിണിയിലേക്ക് നടന്നടുക്കുകയാണ്."

"എങ്കിൽപ്പിന്നെ എന്തിനാണ് കച്ചവടം ചെയ്യുന്നത്?"

"പിന്നെ ഞാൻ എന്തുചെയ്യണം? കക്കണോ? എനിക്ക് അഞ്ചു കുഞ്ഞുങ്ങളെ പോറ്റേണ്ടതുണ്ട്. ആ കാലമാടന്റെ വയറ്റിൽ അഞ്ചുതരം നോവുകൾ ഉണ്ടാകട്ടെ. ഞാൻ ഒരു രോഗിയാണ്. മഞ്ഞുകാലം കഴിയുവോളം അവൻ ആശുപത്രിയിൽ കിടക്കണേ എന്നാണെന്റെ പ്രാർത്ഥന. ഒന്നാന്തരമൊരു കച്ചവടം തകർത്ത് തരിപ്പണമാക്കിയില്ലേ?"

"ഒന്നാന്തരം കച്ചവടമെന്നല്ലേ നിങ്ങൾ പറഞ്ഞത്? നല്ല ലാഭമുള്ള കച്ചവടം. സ്ഥിരവരുമാനം. നിക്ഷേപം. അൽപം മുമ്പല്ലേ എല്ലാം നഷ്ടത്തിലാണെന്നും ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുകയാണെന്നുമൊക്കെ നിങ്ങൾ പറഞ്ഞത്?"

"ശരിതന്നെ. കണ്ടക്ടർക്കും കൂട്ടർക്കും സാധനത്തിന്റെ പകുതി വീതിച്ചുകൊടുത്താൽ പിന്നെ ഞാനെങ്ങനെ ജീവിക്കാനുള്ളതുണ്ടാക്കും? നിങ്ങളുടെ വിചാരമെന്താണ്, ഞാൻ കിണറ്റിൽനിന്ന് കോരിക്കൊണ്ടോ കട്ടുകൊണ്ടോ വരികയാണെന്നാണോ?"

ബൾബുമൂക്കന്റെയും കണ്ണാടിക്കാരന്റെയും ക്ഷമ നശിക്കാൻ തുടങ്ങി. "നിങ്ങൾ ഞങ്ങളുടെ കാലുവാരുകയാണല്ലോ അമ്മായി."

"ഞാനോ? കാലു വാരിയോ? വേല കളിച്ച അവന്റെ കാൽ പഴുത്തു വീഴട്ടെ. സത്യത്തിൽ, അയാൾ വെറുമൊരു തയ്യൽക്കാരൻ മാത്രമായിരുന്നു. കീറൽ തുന്നിക്കൊടുക്കുന്നവൻ. ജീവിതത്തിന്റെ ഏറിയ പങ്കും സൂചിയിൽ നൂൽകയറ്റി ത്തീർത്തു. ഭാഗ്യം ഒന്നുകൊണ്ടുമാത്രം കഞ്ഞിക്കുള്ളത് കഷ്ടിച്ചുണ്ടാക്കി. പിന്നീട് അയാൾക്ക് എന്നോട് അസൂയയായി. ഞാൻ ഒരു കഷ്ണം റൊട്ടി കഴിക്കുന്നതയാൾ കണ്ടു. അവനെ പുഴുവരിച്ചു തീർക്കട്ടെ. ഈ കുട്ടയുമായി ഞാൻ അഞ്ചണ്ണത്തിനെ പോറ്റുന്നതെങ്ങനെയെന്ന് അവൻ കണ്ടതാണ്. അവന്റെ കണ്ണ് മുഖത്തുനിന്നടർന്നു വീഴട്ടെ. അവനും പോയി ഒരു കുട്ട വാങ്ങി. ദൈവമേ, വളരെ വൈകാതെ അവന് ഒരു ശവക്കച്ച വാങ്ങിക്കൊടുക്കാൻ എനിക്ക് കഴിയണേ."

ഒരു ദിവസം ഞാൻ ചോദിച്ചു. "എന്താണിത്?" ഒന്നും അറിയാത്തവനെപ്പോലെ അവൻ പറഞ്ഞു. "കുട്ട."

"ഇതുകൊണ്ട് നീയെന്തു ചെയ്യാൻ പോകുന്നു?"

"നീ ചെയ്യുന്നതുതന്നെ."

"എന്നുവെച്ചാൽ?"

"നിനക്കറിയില്ലേ? എനിക്കും അഞ്ചു കുഞ്ഞുങ്ങളില്ലേ? വല്ലപ്പോഴുമെങ്കിലും അവർക്കും വല്ലതും കഴിക്കേണ്ടേ? ഉണക്കറൊട്ടികൊണ്ട് പോറ്റാനാകില്ല."

"അന്നുമുതൽ കുട്ടയുമായി എന്റെ പിറകെയാണ്. എന്റെ കസ്റ്റമേഴ്സിനെ അയാൾ ഒന്നൊന്നായി അടിച്ചുമാറ്റുകയാണ്. അവന്റെ പല്ല് ഒന്നൊന്നായി അടിച്ചുമാറ്റണം. എന്റെ വായിലിരുന്ന റൊട്ടി വലിച്ചു പറിച്ചെടുത്തതുപോലെ അവന്റെ ശരീരവും നീ പിച്ചിച്ചീന്തണേ എന്റെ പിതാവേ....."

നമ്മുടെ കണ്ണടക്കാരന്റെ മനസ്സിൽ ഒരാശയം ഉദിച്ചു. മറ്റു പലർക്കും തോന്നിയതാണിത്. "നിങ്ങൾ ഒരു സ്ഥലത്തുതന്നെ കിടന്ന് ഗുസ്തിപിടിക്കുന്നതെന്തിനാണ്? ഒരേ റൂട്ടിൽ സഞ്ചരിക്കുന്നതെന്തിനാ?"

വിങ്ങിവീർത്ത കണ്ണുകൾകൊണ്ട് അവൾ അവനെ തുറിച്ചുനോക്കി ചോദിച്ചു.

"അല്ലാതെ പിന്നെന്താ ഞങ്ങൾ






*നവാസ് കോണോംപാറ എന്ന തൂലികാനാമത്തിൽ 18 വർഷത്തിലധികമായി ഫ്രീലാൻസ് കാർട്ടൂൺ രംഗത്തുണ്ട്. കേരള ലളിത കലാ അക്കാദമി സംസ്ഥാന കാർട്ടൂൺ പ്രദർശനത്തിലേക്ക് മൂന്ന് തവണ കാർട്ടൂൺ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് .മലപ്പുറം കോണോംപാറയിലാണ് താമസം.*






***പി. സുരേഷ് ഹരിപ്പാട്***
*1982 ൽ ആദ്യത്തെ കാർട്ടൂൺ ജനനി വാരികയിൽ പ്രസിദ്ധീകരിച്ചു. തുടർന്നു മംഗളം വാരികയിലാണ് കൂടുതലും കാർട്ടൂണുകൾ പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. മുപ്പതുവർഷത്തെ സൈനിക സേവനത്തിനുശേഷം വിശ്രമജീവിതം നയിക്കുന്നു. ആലപ്പുഴ ജില്ലയിലെ ഹരിപ്പാടാണ് താമസം.*

ചെയ്യേണ്ടത്?"

"നിങ്ങൾ മറ്റൊരു വഴി കണ്ടുപിടിക്കൂ. റെയിൽവേ ലൈൻ വളരെ നീളമുള്ളതാണ്."

"അപ്പോൾ അയാളോ?"

"ആര്?"

"എന്റെ കെട്ട്യോൻ?"

"ഏതു കെട്ടിയവൻ?"

"എന്റെ രണ്ടാം കെട്ടിയവൻ"

"ഏത് രണ്ടാം കെട്ടിയവൻ?"

അവളുടെ ചുവന്ന മുഖം കൂടുതൽ ചുവന്നു. "ഏതു രണ്ടാം കെട്ടിയവൻ എന്ന് നിങ്ങൾ ചോദിക്കുന്നതിന്റെ അർത്ഥമെന്താണ്? അവൻ.... ദാ അവിടെ കുത്തിയിരിക്കുന്ന ആ കൊഞ്ഞാണൻ. അവന്റെ കാര്യമല്ലേ ഇത്രയും നേരം പറഞ്ഞു കൊണ്ടിരുന്നത്?"

ഞങ്ങളെല്ലാം സീറ്റിൽനിന്ന് ചാടിയെണീറ്റു. "കച്ചവടത്തിൽ നിന്നോട് മത്സരിക്കുന്ന ആ മനുഷ്യൻ നിന്റെ രണ്ടാം ഭർത്താവാണോ?

"നിങ്ങളെന്താ വിചാരിച്ചത്? എന്റെ ഒന്നാം ഭർത്താവാണെന്നോ? ഓഹോ.... എന്റെ ഒന്നാം ഭർത്താവ് ജീവിച്ചിരുന്നെങ്കിൽ...."

ഒന്നാം ഭർത്താവിനെക്കുറിച്ച് പറയാനാഞ്ഞപ്പോൾ അവളുടെ ശബ്ദത്തിൽ ഒരു ഇളക്കവും കണ്ണിൽ തിളക്കവും കാണായി....പക്ഷേ, ആർക്ക് കേൾക്കണം.

ഞങ്ങൾ ഫലിതങ്ങൾ പറഞ്ഞു ചിരിക്കാൻ തുടങ്ങി.

ചിരിച്ചു ചിരിച്ച് ചിരിയടക്കാനാകാതായി.

ഒരുപക്ഷേ, ഞങ്ങൾ ചിരിക്കുന്നതെന്തെന്ന് നിങ്ങൾക്ക് മനസ്സിലായിക്കാണും.....






***വർക്കല ജനാർദ്ധനൻ***
*1978ൽ ആദ്യത്തെ കാർട്ടൂൺ അസാധു മാസികയിൽ പ്രസിദ്ധീകരിച്ചു. ഹാസലേഖനങ്ങളും സിനിമകൾക്കു തിരക്കഥകളും രചിച്ചിട്ടുണ്ട്. മൂന്നു പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.*